**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1286** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>നദികളിലെ മണൽ വാരൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നദികളിൽ മണൽ അടിഞ്ഞ് കൂടിയത് മൂലം നദികളുടെ സ്വാഭാവിക ഒഴുക്കിനും പരിസ്ഥിതിക്കും ഉണ്ടാകുന്ന ആഘാതം വിലയിരുത്താൻ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** നദികളിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിന് മുമ്പ് ശാസ്ത്രീയമായ സർവേയും അളവെടുപ്പും നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നദികളിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിന് മുൻപ് ശാസ്ത്രീയമായ സർവേയും അളവെടുപ്പും നടത്തുക എന്നത് നിയമപരമായി തന്നെ നിർബന്ധമാക്കിയിട്ടുള്ളതാണ്. ചുവടെ ചേർക്കുന്ന നടപടികളുടെ അടിസ്ഥാനത്തിലാണ് നദികളിൽ നിന്ന് മണൽ ഖനനം ചെയ്യുവാൻ സാധിക്കുന്നത്.

(i) ഒരു NABET അംഗീകൃത ഏജൻസി മുഖേന ഡിസ്ട്രിക്റ്റ് സർവേ റിപ്പോർട്ട് (DSR) തയ്യാറാക്കി, പ്രസ്തുത റിപ്പോർട്ട് പ്രകാരം നദികളിലെ മണൽ ലഭ്യത ശാസ്ത്രീയമായി കണക്കാക്കിയ ശേഷം മാത്രമേ മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ii) ഡിസ്ട്രിക്റ്റ് സർവേ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം Sub-Divisional Committee പരിശോധന, State Expert Appraisal Committee (SEAC) വിലയിരുത്തൽ, State Environment Impact Assessment Authority (SEIAA) അംഗീകാരം എന്നിങ്ങനെയുള്ള നാനാതരത്തിലുള്ള വിദഗ്ധ പരിശോധനകൾ ശേഷം മണൽ ഖനനത്തിനുള്ള LOI (Letter of intent)-ന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(iii) മേൽപ്രകാരമുള്ള ശാസ്ത്രീയമായ വിലയിരുത്തലിനു ശേഷം, ഖനനം ചെയ്യാവുന്ന മണലിന്റെ ലഭ്യത ഉള്ളതായി കണ്ടെത്തിയിട്ടുള്ള സൈറ്റുകളുടെ ഭൗതിക അതിർത്തി നിർണ്ണയം (Physical Demarcation) CORS enabled RTK/ETS സർവേ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യമായി നടത്തിയതിനുശേഷം പ്രസ്തുത സൈറ്റിലെ മണൽ ഖനനം സംബന്ധിച്ച മൈനിങ് പ്ലാൻ തയ്യാറാക്കേണ്ടതാണ്.

(iv) ഖനനം ആരംഭിക്കുന്നതിനു മുമ്പ് site-specific Mine Plan, Pre-Feasibility Report തയ്യാറാക്കൽ എന്നിവ EIA വിജ്ഞാപനം 2006-ലെ Appendix-XI പ്രകാരം നിർബന്ധമാണ്.

(v) ഖനനം ആരംഭിക്കുന്നതിനു മുൻപ് ഓരോ കടവിലെയും Baseline Data ശേഖരണം Enforcement & Monitoring Guidelines for Sand Mining, 2020 (EMGSM-2020) 4.5 പ്രകാരം നിർബന്ധമാണ്.

(vi) മേൽപ്പറഞ്ഞ നിയമപരമായ എല്ലാ വ്യവസ്ഥകളെയും ക്രോഡീകരിച്ച്, മണൽ ഖനനം സംബന്ധിച്ച ഏകീകൃതമായ Standard Operating Procedure (SOP) അന്തിമ അംഗീകാരം നൽകുന്ന മുറയ്ക്ക് ആയത് പ്രാബല്യത്തിൽ വരുന്നതുമാണ്.

**(സി)** നദികളിലെ മണൽ വാരുന്നത് സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനും അതിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

**മറുപടി:** പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**